**കൈത്താക്കാലം ഏഴാം ഞായർ**

**ലൂക്കാ 18:1–18**

## വിശുദ്ധീകരിക്കുന്ന പ്രത്യാശ

**റവ.ഫാ. വർഗീസ് തൊട്ടിയിൽ**

ക്രിസ്തുമതം അവകാശപ്പെടുന്നത് 2.3 ബില്യൺ വിശ്വാസികളുണ്ടെന്നാണ്. എന്നാൽ, ക്രിസ്തുവിന്റെ പ്രബോധനങ്ങളുടെ പൊരുളറിഞ്ഞവർ, ആ ഗുരുവിന്റെ മനസ്സറിഞ്ഞവർ അതിലെത്ര പേരുണ്ടാവും? വത്തിക്കാനിൽ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്ന ഒരു മാധ്യമപ്രവർത്തകന്റെ ചോദ്യത്തിന് പണ്ടൊരിക്കൽ ഒരു പാപ്പാ നല്കിയ ക്ലാസിക് മറുപടി ഇപ്രകാരമായിരുന്നു: ‘‘ഏതാണ്ട് മൂന്നിലൊന്നു പേർ.’’

ഇന്നത്തെ സുവിശേഷം അവസാനിക്കുന്നത് യേശുവിന്റെ ആശങ്കയാർന്ന സന്ദേഹത്തിലാണ്; ‘‘എങ്കിലും, മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?’’ എത്രപേർ യഥാർത്ഥത്തിൽ വിശ്വാസികളാണ്. വിശ്വാസി പ്രാർത്ഥനാജീവിതത്തിൽ പുലർത്തേണ്ട പ്രതീക്ഷയെക്കുറിച്ചും ക്ഷമയെക്കുറിച്ചുമാണ് ഇന്നത്തെ സുവിശേഷഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നത്.

ഹെർമൻ ഹെസ്സെയുടെ ‘സിദ്ധാർത്ഥ’ എന്ന നോവലിലെ പ്രധാന കഥാപാത്രമായ ജ്ഞാനസഞ്ചാരിയായ സിദ്ധാർത്ഥയോട് കാമസ്വാമിയെന്ന കച്ചവടക്കാരൻ ചോദിക്കുന്നുണ്ട്; ‘‘ഈ യാത്രയിൽ എന്താണ് നിന്റെ മൂലധനം?’’ സിദ്ധാർത്ഥയുടെ മറുപടി ഇതായിരുന്നു: “I can think; I can wait, I can fast – എനിക്ക് ചിന്തിക്കാനറിയാം, എനിക്ക് കാത്തിരിക്കാനറിയാം, എനിക്ക് ഉപവസിക്കാനറിയാം.

പ്രാർത്ഥനാജീവിതത്തിൽ വിശ്വാസിക്കുണ്ടായിരിക്കേണ്ട പ്രധാനപ്പെട്ട മൂലധനങ്ങളിലൊന്നാണ് കാത്തിരിക്കാനുള്ള കൃപ. കാത്തിരിപ്പിനോടുള്ള ആഭിമുഖ്യത്തെ ഒരു ധനമായി എണ്ണാൻ കഴിയാതെ പോകുന്നതാണ് പ്രാർത്ഥനാജീവിതത്തിലെ ഏറ്റവും വലിയ അപരാധം. ട്രാഫിക് സിഗ്നലിൽ പച്ചവെളിച്ചം തെളിയുന്നതിനുള്ള നേരം പോലും, ഒരു മൂളിപ്പാട്ടുപാടി ശാന്തമായി കാത്തിരിക്കാനുള്ള ക്ഷമ പോലുമില്ലാത്ത വിധത്തിൽ നാം വല്ലാതെ ക്ഷോഭിക്കുന്നു.

ന്യായാധിപന്റെയും വിധവയുടെയും ഉപമയിലൂടെ യേശു പറഞ്ഞുവയ്ക്കാൻ ശ്രമിക്കുന്ന പ്രാർത്ഥനാമൂല്യത്തെ, ജോൺ ഓർഗ്ബെർഗ് കൃത്യമായി പറഞ്ഞുവയ്ക്കുന്നു: ‘‘നമുക്ക് ആവശ്യമുള്ളത് നമുക്ക് കിട്ടുന്നതുവരെ നാം പുലർത്തുന്ന ക്ഷമയല്ല, കാത്തിരിപ്പ് എന്നു പറയുന്നത്. മറിച്ച്, നമ്മൾ എന്തായിത്തീരണമെന്ന് ദൈവം ആഗ്രഹിക്കുന്നുവോ അതായിത്തീരുന്നതുവരെ നാം കടന്നുപോകുന്ന പ്രക്രിയയാണത്.’’ ഒരു കലാകാരൻ തന്റെ മനോഹരമായ സൃഷ്ടിയെ രൂപപ്പെടുത്താൻ എടുക്കുന്ന കാലമായി കാത്തിരിപ്പിന്റെ കാലത്തെ വായിച്ചെടുക്കാൻ സാധിക്കുമ്പോഴാണ്, ആ വാക്ക് പ്രത്യാശയുടെ മറുവാക്കായി മാറുന്നത്. ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കണം എന്നു കാണിക്കാൻവേണ്ടി യേശു പറഞ്ഞ ഉപമയാണിത്. അർത്ഥം, പ്രത്യാശയോടുകൂടി, മുഴുവൻ പ്രത്യാശയോടു കൂടിയായിരിക്കണം ഒരാൾ ദൈവസന്നിധിയിൽ അണയേണ്ടത്.

ചില വാക്കുകൾ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുണ്ട്. 1. നിരന്തരം – പ്രത്യാശയോടെ എല്ലായ്പ്പോഴും വ്യാപരിക്കുക എന്നതാണ് ക്രിസ്തു ഉദ്ദേശിക്കുന്നത്. പ്രാർത്ഥനയെന്നതുതന്നെ ഒരു ജീവിതാഭിമുഖ്യമാണ്. ആ ന്യായാധിപന് ഒരു ശല്യമായി തോന്നത്തക്കവിധം ആ വിധവ നിരന്തരം അപേക്ഷിക്കുമായിരുന്നു. അകലവും അലസതയും പ്രാർത്ഥനാജീവിതത്തെ, വിശ്വാസജീവിതത്തെ അലോസരപ്പെടുത്തുന്ന ഘടകങ്ങളാണ്. ഒരിക്കലും മുറിഞ്ഞുപോകാത്ത, നൈരന്തര്യത്തിന്റെ സുവിശേഷമായി മാറുന്ന ഒരു ബന്ധമാണ് ഒരാളുടെ പ്രാർത്ഥനാജീവിതത്തെ പുഷ്ക്കലമാക്കുന്നത്. ആ വിധവയുടെ സമീപനം ഈ ഒരു ഘടകത്തെയാണ് അവതരിപ്പിക്കുന്നത്.

2. വിധവ, ന്യായാധിപൻ എന്നീ ദ്വന്ദ്വങ്ങൾ ശ്രദ്ധേയമാണ്. യഹൂദസംസ്കാരത്തിൽ വിധവ നിസ്സഹായതയുടെ പ്രതീകവും ന്യായാധിപൻ അധികാരത്തിന്റെ പ്രതിരൂപവുമാണ്. തന്നെ അവൾ നിരന്തരം സമീപിക്കുന്നതുകൊണ്ട്, വിളിച്ചപേക്ഷിക്കുന്നതുകൊണ്ട് നിസ്സഹായയായ ആ വിധവയ്ക്ക് നീതി നടത്തിക്കൊടുക്കാൻ അധികാരിയായ ന്യായാധിപൻ ആഗ്രഹിക്കുന്നു. സർവശക്തനായ ദൈവത്തിന്റെ മുമ്പിൽ നാമെല്ലാം നിസ്സഹായരാണ്. ദൈവത്തെ പ്രസാദിപ്പിക്കാൻ തക്ക എന്തു യോഗ്യതയാണ് നമുക്കുള്ളത്. അയോഗ്യരായിരുന്നിട്ടും നമ്മുടെ വിളിച്ചപേക്ഷിക്കൽ അവന്റെ ഹൃദയത്തെ തൊടുന്നുണ്ട് എന്ന് ഈ ഉപമ ഓർമ്മിപ്പിക്കുന്നു. ബലഹീനരും പാപികളും നിസ്സഹായരുമായിരിക്കെത്തന്നെ അവൻ നമ്മുടെ കണ്ണീർ തൃക്കൺപാർക്കുന്നു.

മൂന്നാമത്തെ ശ്രദ്ധേയമായ കാര്യം നീതി എന്ന പദമാണ്. ഉപമയുടെ പശ്ചാത്തലത്തിലുള്ളത് ഒരു ന്യായാധിപനാണ്. വിധവയ്ക്കാവശ്യം നീതി നടത്തിക്കിട്ടുക എന്നുള്ളതും. അത്ര നീതിപൂർവം വർത്തിക്കാത്തവനായ, നീതിരഹിതനായ ന്യായാധിപൻ പോലും തന്റെ അടുക്കൽ നിരന്തരം വരുന്നതുകൊണ്ട് ആ വിധവയ്ക്കാവശ്യമായ നീതി നടത്തിക്കൊടുക്കുന്നു. ദൈവത്തിന്റെ നീതിയെക്കുറിച്ചു കൂടി ഇത്തരുണത്തിൽ ബോധ്യപ്പെടേണ്ടതാണ്. രാവും പകലും തന്നെ വിളിച്ചുകരയുന്ന തന്റെ തെരഞ്ഞെടുക്കപ്പെട്ടവർക്ക് അവൻ വേഗം നീതി നടത്തിക്കൊടുക്കും എന്ന വാഗ്ദാനത്തിലാണ് ഉപമ അവസാനിക്കുന്നത്. ദൈവം നീതിപൂർവം വർത്തിക്കും. ഒരു കുഞ്ഞ് ആവശ്യപ്പെടുന്നതെന്തും ഒരു പിതാവ് നല്കണമെന്നില്ല. ആ കുഞ്ഞിന് അപകടകരമാകുന്നതൊന്നും പിതാവ് നടത്തിക്കൊടുക്കണമെന്നില്ല. കുഞ്ഞിനെക്കാൾ അനുഭവജ്ഞാനവും ലോകപരിചയവും സാമാന്യബോധവുമുള്ള ഒരു നല്ല പിതാവ് കുഞ്ഞിന്റെ വളർച്ചയെപ്രതി, നന്മയെപ്രതി ചെയ്യുന്നതെല്ലാം നീതിയായി പരിഗണിക്കും. അടുത്ത നിമിഷം, അടുത്ത ദിവസം, അടുത്തയാഴ്ച എന്തു സംഭവിക്കുമെന്ന് നമുക്കറിയില്ല. എന്നാൽ സമയകാലങ്ങൾക്ക് അതീതനായ ദൈവം എല്ലാം അറിയുന്നു. അവിടുന്ന് നീതിപൂർവം പ്രവർത്തിക്കും. അതുകൊണ്ടാണ് ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കണമെന്ന് ക്രിസ്തു ഉദ്ബോധിപ്പിക്കുന്നത്. നിന്റെ രാജ്യം വരേണമെ, നിന്റെ തിരുമനസ്സ് നിറവേറട്ടെ എന്ന പ്രാർത്ഥനയുടെ മറുപുറം തന്നെയാണ് ഈ ഉപമ. അവിടുത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടിരിക്കുന്നവർക്ക് അവിടുന്ന് എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്നു എന്ന ശ്ലീഹായുടെ വാക്കുകൾ കൂടി ഈ ഉപമയോട് ചേർത്തു വായിക്കുമ്പോൾ, ക്ഷമ, കാത്തിരിപ്പ്, പ്രത്യാശ എന്നീ ഘടകങ്ങളിൽ ഊന്നി വിശ്വാസജീവിതം നയിക്കേണ്ടതെങ്ങനെയെന്ന് നമുക്ക് ബോധ്യമാകും. വൈകുക എന്നാൽ നിഷേധിക്കപ്പെടുക എന്നല്ല എന്ന പാഠം ഉൾക്കൊള്ളുക തന്നെയാണ് പ്രധാനം. ''ദൈവത്തിന്റെ ശക്തമായ കരത്തിൻകീഴിൽ താഴ്മയോടെ നില്ക്കുവിൻ. അവിടുന്ന് തക്കസമയത്ത് നിങ്ങളെ ഉയർത്തിക്കൊള്ളു''മെന്ന പത്രോസ് ശ്ലീഹായുടെ വരികൾ ഓർക്കുക. നമ്മെ ശുദ്ധീകരിക്കുന്ന എന്തോ ഒരു മൂലകം ഓരോ കാത്തിരിപ്പിലുമുണ്ട്. അതാണ് നമ്മുടെ പ്രത്യാശ.